"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - അന്യത്ര കാലാവധി കഴിഞ്ഞും സേവനത്തിൽ തുടർന്ന കാലയളവ് അന്യത്രസേവന കാലമായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1178/2022/LSGD തീയതി,തിരുവനന്തപുരം, 09-05-2022

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 75/2021/തസ്വഭവ തീയതി 11/01/2021.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.03.2022ലെ 2695/B/2021/SM നമ്പർ കത്ത്.

**ഉത്തരവ്**

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലെ റിസർച്ച് ഓഫീസർ ശ്രീമതി. ബിന്ദു. കെ.യെ പരാമർശം (1) പ്രകാരം ശുചിത്വ മിഷൻ മലപ്പുറം ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നു. ശ്രീമതി. ബിന്ദു. കെ.യുടെ അന്യത്രസേവന കാലാവധി 02.02.2022ന് അവസാനിക്കുകയുണ്ടായി. അന്യത്രസേവന കാലം ദീർഘിപ്പിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കാത്ത സാഹചര്യത്തിൽ അപേക്ഷ പരിഗണിക്കുമെന്ന് കരുതി 03.02.2022 മുതൽ 15.02.2022 വരെ മേൽ തസ്തികയിൽ തുടർന്ന കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ബിന്ദു.കെ. ശുചിത്വ മിഷൻ മലപ്പുറം ജില്ലാ ഓഫീസിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) തസ്തികയിൽ അന്യത്രസേവന കാലാവധി അവസാനിച്ചിട്ടും കാലാവധി ദീർഘിപ്പിക്കാനുള്ള അപേക്ഷയിൽ തീരുമാനമാകാത്തതിനാൽ അധികമായി ജോലി ചെയ്ത 03.02.2022 മുതൽ 15.02.2022 വരെയുള്ള കാലയളവ് അന്യത്രസേവന കാലമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

ശ്രീമതി. ബിന്ദു. കെ. (ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് മുഖേന)

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (2027330/ഡെവ-1/43/2022-ധന തീയതി 08.04.2022)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.2/39/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 09-05-2022 16:38:57

സെക്ഷൻ ഓഫീസർ